## ഭൂജല ലഭ്യത സംബന്ധിച്ച പഠനങ്ങൾ

73 [1010] *ശ്രീ. ബിനോയ് വിശ്വം:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1995 മുതൽ 2004 അവസാനംവരെ സംസ്ഥാനത്തെ പ്രതിശീർഷ ജല ലഭ്യത എത്രയായിരുന്നു എന്ന് വെളിപ്പെടുത്താമോ;

(ബി) സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ഭൂജല വകുപ്പ് നടത്തിയ പര്യവേക്ഷണമനുസരിച്ച് ഓരോ ജില്ലയിലെയും ഭൂജലലഭ്യത കഴിഞ്ഞ 5 വർഷങ്ങളിൽ എത്ര വീതമായിരുന്നു എന്നും ശരാശരി ഭൂജല നിരപ്പ് ഭൂനിരപ്പിൽനിന്നും എത്ര മീറ്റർ താഴെ ആണെന്നും സംബന്ധിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ;

(സി) കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഭൂജല ബോർഡ് കേരളത്തിൽ നടത്തി വരുന്ന ഭൂജല പര്യവേക്ഷണം സംസ്ഥാന ഭൂജല വകുപ്പ് ശ്രദ്ധിക്കാറുണ്ടോ;

(ഡി) കേന്ദ്ര ഭൂജല ബോർഡിന്റെ പഠന വിവരങ്ങളും സംസ്ഥാന വകുപ്പിന്റെ കണ്ടെത്തലുകളും തമ്മിൽ ഏതെങ്കിലും തരത്തിലുള്ള വ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) ഇപ്രകാരം വ്യത്യാസം വരുന്നതിന്റെ കാരണം വ്യക്തമാക്കാമോ?

*ഉത്തരം*

(എ) 2004 മാർച്ച് ആസ്പദമാക്കിയുള്ള പഠന റിപ്പോർട്ട് പ്രകാരം വാർഷിക ഭൂജല ലഭ്യത 6728.67 എം.സി.എം. ആണ്.

(ബി) കേരള സംസ്ഥാന ഭൂജല വകുപ്പും സെൻട്രൽ ഗ്രൗണ്ട് വാട്ടർ ബോർഡും 2004 മാർച്ച് വരെ നടത്തിയ പര്യവേക്ഷണമനുസരിച്ച് ഓരോ ജില്ലയിലെയും വാർഷിക ഭൂജല ലഭ്യത താഴെ കൊടുക്കുന്നു:

| | | | | |
|---|---|---|---|---|
| 1. | തിരുവനന്തപുരം | .. | 278.03 | എം.സി.എം. |
| 2. | കൊല്ലം | .. | 448.25 | ,, |
| 3. | ആലപ്പുഴ | .. | 419.46 | ,, |
| 4. | പത്തനംതിട്ട | .. | 316.56 | ,, |
| 5. | കോട്ടയം | .. | 470.86 | ,, |
| 6. | ഇടുക്കി | .. | 246.32 | ,, |

LIBRARY ARCHIVES Kerala Legislative Assembly

| | | | | |
|---|---|---|---|---|
| 7. | എറണാകുളം | .. | 567.84 | എം.സി.എം. |
| 8. | തൃശ്ശൂർ | .. | 707.8 | .. |
| 9. | പാലക്കാട് | .. | 750.0 | .. |
| 10. | മലപ്പുറം | .. | 507.63 | .. |
| 11. | കോഴിക്കോട് | .. | 344.81 | .. |
| 12. | വയനാട് | .. | 291.95 | .. |
| 13. | കണ്ണൂർ | .. | 540.67 | .. |
| 14. | കാസർഗോഡ് | .. | 343.54 | .. |

ശരാശരി ഭൂജലനിരപ്പ് ഭൂപ്രകൃതിയും ഭൂഘടനയും അനുസരിച്ച് വ്യത്യാസപ്പെട്ടിരിക്കുന്നു.

(1) തീരദേശം : ഒരുമീറ്റർ മുതൽ 6 മീറ്റർ വരെ ഭൂനിരപ്പിൽനിന്നു താഴെ.

(2) ഇടനാട് - മലനാട് :

(എ) പാറപ്രദേശങ്ങൾ : 3-16 മീറ്റർ വരെ ഭൂനിരപ്പിൽനിന്നു താഴെ.

(ബി) വെട്ടുകല്ല് : 1-25 മീറ്റർ വരെ ഭൂനിരപ്പിൽനിന്നു താഴെ.

(3) ഇടനാട്ടിലെ കുഴൽക്കിണറുകൾ : 5-40 മീറ്റർ വരെ ഭൂനിരപ്പിൽനിന്നു താഴെ.

(സി) ഉണ്ട്.

(ഡി) ഇല്ല. കേരള ഭൂജല വകുപ്പും കേന്ദ്ര ഭൂജല ബോർഡും ചേർന്നാണ് സംസ്ഥാനത്തെ ഭൂജല വിഭവത്തെക്കുറിച്ചുള്ള പഠനങ്ങൾ നടത്തിയിട്ടുള്ളത്.

(ഇ) ബാധകമല്ല.

**ഗുരുവായൂരിലേക്ക് ശുദ്ധജലം എത്തിക്കുന്ന പദ്ധതി**

74 [1011] *ശ്രീ. പി. കെ. കെ. ബാവ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി പുഴയിൽനിന്നും ഗുരുവായൂരിൽ ശുദ്ധജലം എത്തിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിന്റെ പണി എന്നത്തേക്ക് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly